LIBRARY ARCHIVES Kerala Legislative Assembly

ഓരോ പഞ്ചായത്തിലും വില്ലേജ് ഓഫീസ്

64(2676) ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ പഞ്ചായത്തിലും ഓരോ വില്ലേജ് ഓഫീസ് എന്ന ആശയം നടപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ & ബി) ഓരോ പഞ്ചായത്തിലും ഓരോ വില്ലേജ് ഓഫീസ് എന്ന ആശയം പ്രാവർത്തികമാക്കി കൂടുതൽ കാര്യക്ഷമവും വേഗത്തിലുള്ളതുമായ സേവനം പ്രദാനം ചെയ്യാൻ കഴിയുകയെന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്ത് നിലവിൽ വില്ലേജ് ഓഫീസുകൾ ഇല്ലാത്ത 31 ഗ്രാമപഞ്ചായത്തുകളിൽ വില്ലേജുകൾ രൂപീകരിച്ച് 29-5-2013-ലെ സ. ഉ. (എംഎസ്.) നമ്പർ 230/13/റവന്യൂ, 20-10-2012-ലെ സ. ഉ. (എംഎസ്.) നമ്പർ 392/12/റവന്യൂ എന്നിവ പ്രകാരം ഉത്തരവാകുകയും പ്രസ്തുത 31 വില്ലേജുകളുടെയും വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അവയിൽ 29 വില്ലേജുകളിൽ ജീവനക്കാരെ നിയമിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇനി പ്രവർത്തനം ആരംഭിക്കുവാനുള്ള ഇടുക്കി ജില്ലയിലെ മൂന്നാർ, ഇടമലക്കുടി എന്നീ വില്ലേജുകൾക്ക് അനുയോജ്യമായ കെട്ടിടം കണ്ടെത്തി വില്ലേജുകളുടെ പ്രവർത്തനം താമസംവിനാ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നേമം നിയോജകമണ്ഡലത്തിലെ റീസർവ്വേ നടപടികൾ

65(2679) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ എത്ര വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്; അവ ഏതൊക്കെ; വെളിപ്പെടുത്താമോ;

(ബി) റീസർവ്വേ നടപടികൾ പൂർത്തിയാകാനുള്ള നേമം നിയോജകമണ്ഡലത്തിലെ വില്ലേജുകളിൽ ആയത് എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നേമം നിയോജകമണ്ഡലത്തിൽ ശാസ്തമംഗലം, തിരുമല, തൈയ്ക്കാട്, മണക്കാട്, നേമം, തിരുവല്ലം എന്നീ 6 വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) നേമം നിയോജകമണ്ഡലത്തിലെ മുട്ടത്തറ വില്ലേജിന്റെ റീസർവ്വേ പൂർത്തിയാക്കാനുണ്ട്. 31-10-2012-ലെ സ.ഉ. (എംഎസ്.) നമ്പർ 409/2012/റവന്യൂ പ്രകാരം സംസ്ഥാനത്ത് നിലവിൽ റീസർവ്വേ പ്രവർത്തനം സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മുട്ടത്തറ വില്ലേജിലെ പുറമ്പോക്ക് ഭൂമിയുടെ റീസർവ്വേ നടപടികൾ ആരംഭിക്കുന്നതാണ്.

സീറോ ലാൻഡ് പദ്ധതി

66 (2680) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീറോ ലാൻഡ് പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര അപേക്ഷകൾ ലഭിച്ചിരുന്നു (ജില്ല തിരിച്ച്) വ്യക്തമാക്കാമോ;

(ബി) ഈ അപേക്ഷകളിൽ നിന്ന് എത്ര ഗുണഭോക്താക്കളെ കണ്ടെത്തി എന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഗുണഭോക്താക്കൾക്ക് എത്ര ഭൂമി വീതം ഏതൊക്കെ സ്ഥലങ്ങളിൽ നല്കി എന്നുള്ള പട്ടിക ലഭ്യമാക്കി വിശദീകരിക്കാമോ?

ഉത്തരം

(എ-സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് ലഭിച്ച അപേക്ഷകളുടെ എണ്ണവും അവയിൽനിന്ന് തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണവും അനുവദിച്ച ഭൂമിയുടെ വിസ്തൃതിയും ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്. 1-2-2014 മുതൽ 31-3-2014 വരെ പദ്ധതിയിലേയ്ക്ക് വീണ്ടും അപേക്ഷകൾ സ്വീകരിച്ചിരുന്നു. കൂടാതെ മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടികളിലും റവന്യൂ വകുപ്പുമന്ത്രിയുടെ ജില്ലാതല റവന്യൂ സർവ്വേ അദാലത്തുകളിലും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളിൽനിന്നും പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഗുണഭോക്താക്കളെ കണ്ടെത്തുന്ന പ്രവർത്തനം പൂർത്തിയായിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly